## വസ്തുതാ പഠനം

## Case Study of VTFMS at Thrissur Taluk

എൻ എഫ് എസ് എ വിട്ടെടുപ്പ് / വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ ട്രാൻസ്പോർട്ടേഷൻ നടത്തുന്ന വാഹനങ്ങളിൽ ജി പി എസ് ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ ഫ്ലാഗ് ഓഫ്, വെഹിക്കിൾ ട്രാക്കിങ് മൊബൈൽ ആപ്പ് എന്നിവയുടെ ഉദ്ഘാടനം 28.04.2022 തീയതി ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രി ശ്രീ ജി ആർ അനിൽ നിർവഹിക്കുകയുണ്ടായി. VTFMS (Vehicle Tracking and Fleet Management System) പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി VTFMS സോഫ്റ്റ് വെയറിൽ FCI-യിൽ നിന്ന് എൻ എഫ് എസ് എ ഗോഡൌണുകളിലേക്കും CMR മില്ലുകളിൽ നിന്ന് എൻ എഫ് എസ് എ ഗോഡൌണുകളിലേക്കും എൻ എഫ് എസ് എ ഗോഡൌണുകളിൽ നിന്നും റേഷൻ കടകളിലേക്കും റൂട്ട്, ട്രിപ്പ് എന്നിവ ക്രിയേറ്റ് ചെയ്യുന്നതിനും ട്രിപ്പ് അലോട്ട്മെന്റ് ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു.

സിവിൽ സപ്ലൈസ് കമ്മീഷണറുടെ 11.07.2022-ലെ വീഡിയോ കോൺഫെറൻസിൽ തൃശ്ശൂർ താലൂക്കിലെ വെഹിക്കിൾ ട്രാക്കിങ് കുറ്റമറ്റതായി നടപ്പിലാക്കുവാൻ നിർദേശം നല്കുകയുണ്ടായി, ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന 3 വിഭാഗത്തിൽ റൂട്ട്, ട്രിപ്പ് എന്നിവ ക്രിയേറ്റ് ചെയ്യുന്നതിനും ട്രിപ്പ് അലോട്ട്മെന്റ് ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു.

01) FCI to NFSA godown

02) NFSA godown to FPS

03) CMR to NFSA godown

ജനറൽ, മാനേജർ ഈ പദ്ധതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിനായി മാനേജർ(എം ഐ എസ്)-നെ തൃശ്ശൂർ ജില്ലയിൽ 13.07.2022, 14.07.2022, 19.07.2022, 20.07.2022 എന്നീ തീയതികളിൽ നിയോഗിക്കുകയുമുണ്ടായി

ദുരുപയോഗസാധ്യത ഒഴിവാക്കുന്നതിനായി നിലവിൽ FCI-യിൽ നിന്നും NFSA godown-ലേക്കും CMR Mill-ൽ നിന്നും NFSA godown-ലേക്കും ഒരു റൂട്ട് മാത്രമാണ് DCS-ന്റെ നിർദ്ദേശപ്രകാരം Map ചെയ്തിട്ടുള്ളത്.

ഡിപ്പാർട്ട്മെന്റ് ഐടി സെല്ലിൽ നിന്നുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ FCI, CMR മിൽ, റേഷൻ കടകൾ എന്നിവയുടെ ലൊക്കേഷൻ സംബന്ധിച്ച അക്ഷാംശ രേഖാംശങ്ങൾ CDAC മുഖേന രേഖപ്പെടുത്തുകയും എൻ എഫ് എസ് എ OIC റൂട്ട് creation പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ റേഷൻ കടകളുടെ ലൊക്കേഷൻ സംബന്ധിച്ച അക്ഷാംശ രേഖാംശങ്ങളിൽ കൃത്യത കുറവായതിനാൽ, ട്രയൽ റൺ ചെയ്തു നോക്കിയപ്പോൾ വിജയകരമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്ന് എൻ എഫ് എസ് എ OIC അറിയിക്കുകയുണ്ടായി.


20.07.2022 മുതൽ തന്നെ VTFMS പദ്ധതി മുഖേന എൻ എഫ് എസ് എ വാഹനങ്ങളുടെ ചരക്ക് നീക്കം നിരീക്ഷിക്കണമെന്ന കർശന നിർദേശം ഉള്ളതിനാൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ റേഷൻ കടകളുടെ ലൊക്കേഷൻ സംബന്ധിച്ച അക്ഷാംശ രേഖാംശങ്ങളിൽ കൃത്യത ഉറപ്പ് വരുത്തേണ്ട സാഹചര്യം ഉണ്ടായി. ആയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ല സപ്ലൈ ഓഫീസറുടെ അധ്യക്ഷതയിൽ സപ്ലൈകോ MIS മാനേജരുടെ സാന്നിധ്യത്തിൽ 13.07.2022 തീയതിയിൽ യോഗം കൂടുകയുണ്ടായി. മിനിറ്റ്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം 1). CDAC ഷെയർ ചെയ്തിട്ടുള്ള മൊബൈൽ ആപ്പ് മുഖേന റേഷനിങ് ഇൻസ്പെക്ടർമാർ ഓരോ റേഷൻ കടയിലും പോയി ലൊക്കേഷൻ അപ്പ്ഡേറ്റ് ചെയ്യേണ്ടതാണെന്ന ജില്ലാ സപ്ലൈ ഓഫീസർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റേഷനിങ് ഇൻസ്പെക്ടർമാർ റേഷൻ കടകളുടെ ലൊക്കേഷൻ സംബന്ധിച്ച അക്ഷാംശ രേഖാംശങ്ങളിൽ കൃത്യത വരുത്തി യുദ്ധകാലാടിസ്ഥാനത്തിൽ CDAC-നു കൈമാറി.

CDAC ലൊക്കേഷനുകൾ അപ്പ്ഡേറ്റ് ചെയ്യുന്നതും sms/mobile app/email അലേർട്ടുമായി ബന്ധപ്പെട്ട escalation matrix സപ്ലൈകോ MIS വിഭാഗം തയ്യാറാക്കുകയും സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിക്കുകയും ചെയ്തിരുന്നു(അനുബന്ധം2). NFSA-FPS റൂട്ടുകളിലെ ഓരോ റൂട്ടിനെയും തിരിച്ചറിയുന്നതിലേക്കായി District name - godownname -ARD number എന്നിവ ഉൾപ്പെടുന്ന 3 digit-കൾ വീതമുള്ള റൂട്ട് കോഡ്/റൂട്ട് നെയിം തയ്യാറാക്കുകയും ചെയ്തിരുന്നു.(Eg: TCR-KRA-125, TCR-KLA-125). ഈ ഫോർമാറ്റ് പെട്ടന്ന്

റൂട്ട് identify ചെയ്യാൻ സാധിക്കുമെന്നതിനാൽ ഇതേ format തന്നെ എല്ലാ ഡിപ്പോകളും adopt ചെയ്യുന്നത് അഭികാമ്യമായിരിക്കും.

എൻ എഫ് എസ് എ ഗോഡൌണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള റൂട്ട്, ട്രിപ്പ് ക്രിയേഷൻ 16.07.2022, 17.07.2022, 18.07.2022 തീയതികളിലായി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും റേഷനിങ് ഇൻസ്പെക്ടർമാർ ആയത് അപ്രൂവ് ചെയ്യുകയും ചെയ്തു.

<u>Route Creation</u>



19.07.2022 തീയതി ട്രയൽ റൺ നടത്തുകയും ചെയ്തു. 20.07.2022 തീയതി മുതൽ തൃശ്ശൂർ താലൂക്കിലെ എൻ എഫ് എസ് എ വാഹനങ്ങളുടെ ചരക്ക് നീക്കം VTFMS സോഫ്റ്റ്വെയർ മുഖേന നടപ്പിൽ വരുത്തുകയും ചെയ്യുന്നു




റൂട്ടുകളെ സംബന്ധിച്ച hand book തയ്യാറാക്കി ട്രാൻസ്പോർട്ടിങ് കോൺട്രാക്ടർക്ക് നല്കേണ്ടതും ആയത് പ്രകാരം അംഗീകരിക്കപ്പെട്ട റൂട്ടുകളിലൂടെ മാത്രം സഞ്ചരിക്കുവാൻ ഡ്രൈവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ട്രിപ്പുകൾ ക്രമീകരിക്കേണ്ടതുമാണ്. DCS-ന്റെ നിദ്ദേശപ്രകാരം NFSA godown-ൽ നിന്നും FPS-കളിലേയ്ക്ക് ബേസിക് റൂട്ടുകളും അതിന് വേണ്ട അലേർട്ട് സംവിധാനവുമാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. ടി റൂട്ടുകളിൽ നിന്നും വ്യതിചലിക്കേണ്ട ആവശ്യമുണ്ടെങ്കിൽ റൂട്ടുകൾ തലേദിവസം തന്നെ ക്രിയേറ്റ് ചെയ്യേണ്ടതും റേഷനിങ് ഇൻസ്പെക്ടർമാർ അപ്രൂവ് ചെയ്യേണ്ടതുമാണ്. പുതിയ റേഷൻ

കടകൾ നിലവിൽ വരുകയോ നിലവിലെ റേഷൻ കടയുടെ സ്ഥാനം മാറ്റുകയോ ചെയ്താൽ മൊബൈൽ ആപ്പ് മുഖേന Geo location എടുത്തതിനുശേഷം MIS വിഭാഗവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്

VTFMS പ്രോജക്റ്റ് തൃശ്ശൂർ താലൂക്കിൽ നടപ്പിലാക്കിയതിന്റെ അനുഭവത്തിൽ, ഈ പദ്ധതി കൂടുതൽ കാര്യക്ഷമവും വേഗത്തിലും നടപ്പിൽ വരുത്തുന്നതിലേക്കായി സപ്ലൈകോ MIS മാനേജരുടെ ശുപാർശകൾ:

1) ePOS മെഷീനിൽ നിന്നുള്ള കൃത്യമായ ഡാറ്റാ ഉപയോഗിക്കുകയാണെങ്കിൽ, റേഷൻ കടകളുടെ ലൊക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിലേക്കായി site survey ഒഴിവാക്കുവാൻ സാധിക്കും.
2) Trip creation പ്രക്രിയയിലെ alert notification തയ്യാറാക്കുന്നതിലേക്കായി notification-ൽ ഉൾപ്പെടുത്തേണ്ട ഓരോ ഉദ്യോഗസ്ഥരുടെയും മൊബൈൽ നമ്പർ, ഇ മെയിൽ ഐ ഡി, യൂസർ ഐ ഡി എന്നിവ ലഭ്യമാക്കിയാൽ escalation matrix തയ്യാറാക്കുവാനും ആയത് വഴി alert notification തയ്യാറാക്കുന്ന പ്രക്രിയ ലഘൂകരിക്കുവാൻ സാധിക്കും.

തീരുമാനങ്ങൾ കൈക്കൊള്ളേണ്ടവ(Grey area)

CMR മില്ലുകളിൽ നിന്ന് വാഹനങ്ങൾ പുറപ്പെടുമ്പോൾ മുൻകൂട്ടി schedule ചെയ്തിരിക്കുന്ന trip confirm ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് NFSA മാനേജർ, paddy മാനേജർ എന്നിവരുമായി ഒരു മീറ്റിംഗ് 23.07.2022-ന് നടത്തുകയും (Minutes -അനുബന്ധം 3) ഈ മീറ്റിംഗിൽ paddy മാനേജർ ചുവടെ ചേർക്കുന്ന രണ്ട് അഭിപ്രായങ്ങൾ നിർദ്ദേശിച്ചു.

- മിൽ ഓണർ trip confirm ചെയ്യുന്നു
- Paddy PMO അല്ലെങ്കിൽ PQAT (നെല്ലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന ട്രെയിനി) trip confirm ചെയ്യുന്നു. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ഇത് നടപ്പിലാക്കാവുന്നതാണ്

Paddy മില്ലുകളിലും മിൽ ഗോഡൗണുകളും സന്ദർശിക്കുകയും വാഹനങ്ങൾ ഗോഡൗണിൽ നിന്ന് പുറപ്പെടുന്ന സമയത്ത് VTFMS അപ്ലിക്കേഷനിൽ ട്രിപ്പ് approve ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യം അനിവാര്യമാണ് എന്ന്

മനസ്സിലാക്കുകയുണ്ടായി. കൂടാതെ ഓരോ മില്ലിന്റെ കീഴിലും ഒന്നിലധികം ഗോഡൗണുകൾ വിവിധ ലൊക്കേഷനുകളിൽ ഉള്ളതിനാൽ ബന്ധപ്പെട്ട എല്ലാ ഗോഡൗണുകളും Geo ലൊക്കേഷൻ ചെയ്യേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു കത്ത് DCS -ന് NFSA മാനേജർ 26 .07 .2022 -ൽ സമർപ്പിക്കുകയുമുണ്ടായി (അനുബന്ധം 4 )

<u>ഉള്ളടക്കം</u>

അനുബന്ധം 1, 2 3 & 4

<u>പദ്ധതിക്കായി പ്രധാന പങ്ക് വഹിച്ചവർ</u>

ശ്രീ ജയചന്ദ്രൻ പി ആർ - ജില്ല സപ്ലൈ ഓഫീസർ, തൃശ്ശൂർ
ശ്രീ ജോസിയസ് ബെന്നി കിട്ടൻ (onsite ) - മാനേജർ, എം ഐ എസ്
ശ്രീമതി ആശ ടി ജെ - ഡിപ്പോ മാനേജർ , തൃശ്ശൂർ
ശ്രീ ജോർജ് കെ സാമുവൽ - ഡിപ്പോ മാനേജർ , തൃശ്ശൂർ (Working from 18.07.2022)
ശ്രീ അഭിലാഷ് ബാലൻ (onsite ) - എൻജിനിയർ , CDAC
ശ്രീ ജോർജ് തോമസ് (Remote Support ) - ജോയിന്റ് ഡയറക്ടർ , CDAC
ശ്രീ നിധിൻ - DPM, ജില്ല സപ്ലൈ ഓഫീസ്, തൃശ്ശൂർ
ശ്രീ സുമേഷ് M (Remote Support) - ജൂനിയർ മാനേജർ , എം ഐ എസ്
ശ്രീ ജിബിൽ ജോൺ - പ്രോഗ്രാമർ, paddy, എം ഐ എസ്
ശ്രീ നവീൻ ചാലിശ്ശേരി - സിസ്റ്റം സപ്പോർട് ഓഫീസർ, തൃശ്ശൂർ
ശ്രീ ജയൻ - ജില്ല സപ്ലൈ ഓഫീസ് , തൃശ്ശൂർ
ശ്രീമതി ശ്രുതി പി കെ - സപ്ലൈകോ താലൂക്ക് ഡിപ്പോ , തൃശ്ശൂർ
ശ്രീമതി ജിസ്മി തോമസ് - സപ്ലൈകോ താലൂക്ക് ഡിപ്പോ , തൃശ്ശൂർ
ശ്രീമതി ദിവ്യ പി ആർ - സപ്ലൈകോ താലൂക്ക് ഡിപ്പോ, തൃശ്ശൂർ
ശ്രീമതി ജ്യോതി എ- സപ്ലൈകോ താലൂക്ക് ഡിപ്പോ, തൃശ്ശൂർ
ശ്രീമതി രാധിക കെ എൻ - സപ്ലൈകോ താലൂക്ക് ഡിപ്പോ, തൃശ്ശൂർ
ശ്രീ കൃഷ്ണദാസ് - NFSA ഡിപ്പോ, OIC, തൃശ്ശൂർ
ശ്രീ ജയപാലൻ എം - NFSA ഡിപ്പോ, തൃശ്ശൂർ
തൃശ്ശൂർ താലൂക്കിലെ എല്ലാ റേഷനിങ് ഇൻസ്പെക്ടർമാരും

## <u>13.07.2022 തീയതിയിൽ തൃശ്ശൂർ ജില്ല സപ്ലൈ ഓഫീസറുടെ അധ്യക്ഷതയിൽ വച്ച് MIS മാനേജരുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്</u>

### പങ്കെടുത്തവർ

1.ജില്ല സപ്ലൈ ഓഫീസർ, തൃശ്ശൂർ

2. മാനേജർ,MIS, സപ്ലൈകോ

3. അസ്സിസ്റ്റന്റ് മാനേജർ, തൃശ്ശൂർ.

4. നവീൻ  ചാലിശ്ശേരി, SSO

5.അഭിലാഷ്, CDAC

6,ബാബു വി ആർ, RI

7. ശ്രീജിത്ത്, RI

8. നിതിൻ ,DPM, IMPOS, തൃശ്ശൂർ

9. പ്രമോദ്, ക്ലർക്ക്, തൃശ്ശൂർ  ജില്ല സപ്ലൈ ഓഫീസ്

യോഗം രാവിലെ 11 മണിക്ക് ആരംഭിച്ചു. സപ്ലൈകോ MIS മാനേജർ VTFMS പദ്ധതിയെ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിച്ചു. ജില്ല സപ്ലൈ ഓഫീസർ റേഷനിങ് ഇൻസ്പെക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി. 14.07.2022, 15.07.2022 തീയതികളിൽ റേഷനിങ് ഇൻസ്പെക്ടർമാർ ഓരോ റേഷൻ കടകളുടെയും location കറക്റ്റ് ചെയ്യേണ്ടതാണെന്ന് ജില്ല സപ്ലൈ ഓഫീസർ നിർദ്ദേശിച്ചു. ആയതിലേക്കായി റേഷനിങ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തി കൊണ്ടുള്ള നടപടിക്രമം തയ്യാറാക്കുന്നതാണെന്ന് ജില്ല സപ്ലൈ ഓഫീസർ അറിയിച്ചു. CDAC ഉദ്യോഗസ്ഥർ share ചെയ്തിട്ടുള്ള mobile app മുഖേന റേഷനിങ് ഇൻസ്പെക്ടർമാർ location update ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഡിപ്പോ ഓഫീസിലെ 2 ജീവനക്കാർ root creation സംബന്ധിച്ച ജോലികൾക്കായി 16.07.2022,18.07.2022 തീയതികളിൽ എൻ എഫ് എസ് എ ഗോഡൌണിൽ ഹാജരാകേണ്ടതും root creation പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

19.07.2022 ന ട്രയൽ റൺ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചു. നിലവിൽ create ചെയ്തിട്ടുള്ള റൂട്ടുകളിൽ, റേഷൻ കടകളുടെ location ശരിയല്ലാത്തതിനാൽ, accuracy ഇല്ലെന്നാണ് ഓഐസി അറിയിച്ചിട്ടുള്ളത്. CDAC ഉദ്യോഗസ്ഥൻ റേഷനിങ് ഇൻസ്പെക്ടർമാർക്ക് ആവശ്യമായ നിർദേശങ്ങൾ നല്കി. താലൂക്ക് സപ്ലൈ ഓഫീസറുടെ user id തന്നെ റേഷനിങ് ഇൻസ്പെക്ടർമാർ ഉപയോഗിച്ചാൽ മതിയെന്നും റേഷനിങ് ഇൻസ്പെക്ടർമാർക്ക് separate user id യുടെ ആവശ്യകതയില്ലെന്നും CDAC ഉദ്യോഗസ്ഥൻ നിർദ്ദേശിച്ചു. യോഗം 1.00 pm ന അവസാനിച്ചു.

(ഒപ്പ്)

ഡിപ്പോ മാനേജർ, തൃശ്ശൂർ

13-7-22 ന് തൃശൂർ ജില്ലാസപ്ലൈഓഫീസറുടെ ചേമ്പറിൽ വച്ച് MIS മാനേജറിന്റെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

1) ജില്ലാസപ്ലൈ ഓഫീസർ, തൃശൂർ.
2) മാനേജർ, MIS, Supplyco [signature] 13/7/2022
3. AM തൃശൂർ [signature: Ashe]
4. നവീൻ SSO [signature]
5. അഭിലാഷ് C Dac [signature]
6. ബാബു VR [signature] 13/7/22 RI Town
7. ശ്രീജിത്ത് – RI, TSO Thrissur [signature] 13/07/2022
8. നിതിൻ – DPM, IMPDS - Thrissur [signature]
9. പ്രമോദ്

nner

## Draft Escalation Matrix

| Sl | Officers | Tier 1 (L1) (To be responded through VTFMS app with in < 10minutes > ) | Tier 2 (L2) (To be responded through VTFMS app with in< 15 minutes after L1> ) | Tier 3 (L3) (To be responded through VTFMS app with in <15 minutes after L2> ) | Tier 4 (L4) (To be responded through VTFMS app with in < 10 minutes after L3 > ) | Tier 5 (L5) (To be send alert through VTFMS app with in < 10 Minutes after L4 > ) | Tier 6 (L6) |
|---|---|---|---|---|---|---|---|
| 1 | RI | Push message (Mobile app) | | | | | |
| 2 | TSO | | Push message + Email (System/Mobile app) | | | | |
| 3 | DSO control room (DPM) | Push message + Email (No action required in the APP & inform TSO within in 20 Minutes) (System) | | | | | |
| 4 | DSO | | | Push message + Email (App/System) | | | |
| 5 | NFSA Manager | | | | Push message + Email (System/Mob ) | | |
| 6 | Control room | | | Push message + Email (No action required in the APP till they receive alert message after L4(System) not attending the issue) | | Push message + Email Problem to be addressed within 10 minutes after message, if not attended by L4 (System) | |
| 7 | VO Supplyco | | | | | | Push message + Email (Mobile) |
| 8 | DCS, CMD & GM | | | | | | SMS |

MIS 4 - 6168/17

**MINUTES OF MEETING ON VTFMS TRACKING CMR MILL TO NFSA GODOWN HELD ON 23.07.2022 AT BOARD ROOM, HEAD OFFICE, SUPPLYCO**

A meeting on vtfms tracking CMR MILL to NFSA Godown held at Supplyco Head Office, Cochin on 23.07.2022 from 11.00 AM. The following members attended

1. Smt. Moly U : Manager NFSA
2. Sri. Josius Benny Kittan : Manager MIS
3. Sri. Sunil Kumar : Manager (Paddy)

Meeting started at 11.00 AM

NFSA manager informed that VTFMS tracking has successfully implemented in Thrissur Taluk (under Thrissur Depot) except CMR lifting as per the direction of DCS

Manager MIS has explained the tracking of vehicle through the VTFMS application

- FCI to NFSA Godown trip approval is done by Rationing inspectors
- NFSA Godown to FPS by NFSA OIC
- CMR mill to NFSA Godown preferably by paddy staff
- Training has already been provided to Paddy staff, PMO & PQAT on 22.07.2022.

Paddy manger opined that, in Palakkad and Ernakulam District, where majority of the Mill located, the mill are situated in different areas which is far apart. Hence personal presence of a staff at the time of leaving the truck is not possible. In this circumstance the Paddy Manager) has put forward the following suggestion for approving the trip from CMR Mill to NFSA Godown

1. Mill owners through VTFSM since the truck chit is generated by Mill owners
2. Paddy PMO or PQAT(paddy Quality Assurance Trainee). This can be implemented by increasing staff strength

The meeting concluded at 11.45 AM

1. Smt. Moly U :

2. Sri. Josius Benny Kittan :

3. Sri. Sunil Kumar :

6204

NFSA 6- 32184/19 തീയതി: 26 /7/2022

സ്വീകർത്താവ്,

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ

തിരുവനന്തപുരം

സർ,

വിഷയം: സപ്ലൈകോ – NFSA 2013 – VTFMS പ്രോജക്റ്റ് - സി.എം.ആർ. മില്ലിൽ നിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേക്ക് വെഹിക്കിൾ ട്രാക്കിംഗ് - നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

സൂചന- VTFMS-ട്രാക്കിംഗ് സംബന്ധിച്ച് സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ വെച്ച് 23/7/22 ന് നടന്ന മീറ്റിംഗിന്റെ മിനിട്സ്.

*************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. VTFMS പ്രോജക്റ്റ് - ന്റെ ഭാഗമായുള്ള ട്രാക്കിംഗ് സംവിധാനം എഫ്.സി.ഐ. യിൽ നിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേക്കും എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്ന് എഫ്.പി.എസ്. ലേക്കും 20/7/22 ന് തൃശൂർ താലൂക്കിൽ നടപ്പിലാക്കിയതായി സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ സി.എം.ആർ. മില്ലുകളിൽ നിന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേക്ക് VTFMS ട്രാക്കിംഗ് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ അഭാവമാണ് ഇതിന് കാരണമായി അറിയിച്ചിട്ടുള്ളത്. ആയതിനാൽ ടി പ്രശ്നം

പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്

ജനറൽ മാനേജർ

//അംഗീകാരത്തോടെ //

മാനേജർ (NFSA)

ഉള്ളടക്കം- മിനിട്സിന്റെ പകർപ്പ്

കോപ്പി- **Manager (MIS)**